## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1559** — **13.6.2014-ൽ മറുപടിക്ക്**

### മഴക്കാലപൂർവ്വ ശുചീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ. രാജു<br>,, കെ. അജിത് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥലങ്ങളിലെ ഓരോ വാർഡിലും മഴക്കാലപൂർവ്വ ശുചീകരണത്തിന് എത്ര തുക വീതമാണ് അനുവദിക്കുന്നത്; പ്രസ്തുത തുക അപര്യാപ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ) മഴക്കാലപൂർവ്വ ശുചീകരണത്തിന് ഗ്രാമപഞ്ചായത്ത്/നഗരസഭ വാർഡുകൾക്ക് 10,000/- രൂപയാണ് അനുവദിക്കുന്നത്. ഇത് 25000/- രൂപയായി വർദ്ധിപ്പിക്കണം എന്ന നിർദ്ദേശം ഉയർന്നിട്ടുണ്ട്. |
| ബി) പഞ്ചായത്തുകളിൽ ജനങ്ങളും ജനകീയ സംഘടനകളുമായി ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തു പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കുമോ ; | ബി) ഗ്രാമപഞ്ചായത്ത്/നഗരസഭകളിൽ ജനങ്ങളും ജനകീയ സന്നദ്ധ സംഘടനകളും, ഉദ്യോഗസ്ഥരുമായി ചേർന്ന് വാർഡ്തല ശുചിത്വ കൂട്ടായ്മ, വാർഡ് ശുചിത്വ മാപ്പിംഗ്, വീടുവീടാന്തരമുള്ള സ്ക്വാഡ് പ്രവർത്തനം, ശുചീകരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ വാർഡ്തലത്തിൽ തയ്യാറാക്കുന്ന പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിൽ നടത്തുന്നു. |

സെക്ഷൻ ഓഫീസർ